**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി കേന്ദ്രീകരിച്ചുള്ള ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ചുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; തട്ടിപ്പ് നടത്തിയവരെ നിയമപരമായി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 13 കേസുകളിൽ, 5 കേസുകളിന്മേൽ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകൾ വിചാരണാവസ്ഥയിലാണ്. ബാക്കി 8 കേസുകളിന്മേൽ അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത തട്ടിപ്പിനിരയായവർ നടത്തിയ സമരത്തിനെതിരെ ഉണ്ടായ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്രമണത്തിനിരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമര സമിതി പ്രവർത്തകർ ആക്രമണത്തിനിരയായ കാര്യത്തിന് കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം 123/22, U/s 323, 324, 308, 506, r/w 34 IPC ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ സാക്ഷികളെ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും, സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതികളുടെ ടവർ ലൊക്കേഷൻ മനസ്സിലാക്കുന്നതിന് നടപടി സ്വീകരിച്ചു കൊണ്ടും അന്വേഷണം നടത്തി വരുന്നു. പ്രതികൾ ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികൾ സമർപ്പിച്ചിട്ടുള്ള മുൻകൂർ ജാമ്യാപേക്ഷയിൽ മുൻകൂർ ജാമ്യം നൽകരുതെന്ന് ബഹു. കോഴിക്കോട് സെഷൻസ് കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ